(ബി) റേഷൻ സാധനങ്ങളുടെ ഇപ്പോഴത്തെ വില

അരി—എ.പി.എൽ.	-	8.90
ബി.പി.എൽ.	-	6.20
അന്ത്യോദയ അന്നയോജന	-	3.00
ഗോതമ്പ്—എ.പി.എൽ.	-	6.70
ബി.പി.എൽ.	-	4.70
പഞ്ചസാര	-	13.50
മണ്ണെണ്ണ (ലിറ്ററിന്)	-	9.40 മുതൽ 9.70 വരെ

(സി) അരി, ഗോതമ്പ് എന്നിവയുടെ വിലയിൽ കുറവുണ്ടായി. പഞ്ചസാരയ്ക്ക് 1.12%-വും മണ്ണെണ്ണയ്ക്ക് 21.80%-വും വില വർദ്ധനവ് ഉണ്ടായി.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചെറുപയർ സംബന്ധിച്ചുള്ള ടെണ്ടർ

49 [1946] ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ .

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര ടൺ ചെറുപയർ വാങ്ങിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 2005 ജനുവരിയിലേക്കുള്ള ടെണ്ടർ കണ്ടീഷനിൽ 4 എം. എം. സൈസ് ചെറുപയർ തന്നെ വേണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരുന്നുവോ എന്നും ഇതിന് മുൻപുള്ള ടെണ്ടറുകളിൽ ഈ നിബന്ധന ഉണ്ടായിരുന്നുവോ എന്നും വ്യക്തമാക്കുമോ ;

(സി) 4 എം. എം. സൈസ് തന്നെ സപ്ലൈ ചെയ്തില്ലെങ്കിൽ സപ്ലൈയേഴ്സിനെ രണ്ടു വർഷത്തേക്ക് കോർപ്പറേഷൻ ടെണ്ടറുകളിൽനിന്നും ബ്ലാക്ക് ലിസ്റ്റ് ചെയ്യുമെന്നും ഇ. എം. ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഫോർഫീറ്റ് ചെയ്യുമെന്നും ഡാമേജ് റിക്കവർ ചെയ്യുമെന്നും ടെണ്ടർ കണ്ടീഷനിൽ പ്രത്യേകം അനുശാസിക്കുന്നുണ്ടോ ;

(ഡി) ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി 4 എം. എം. ചെറുപയർ സംബന്ധിച്ച് 2005 ജനുവരിയിലെ ടെണ്ടറിൽ എന്തെല്ലാം നിബന്ധനകളാണ് ഉൾപ്പെടുത്തിയിരുന്നത് ;

(ഇ) ഗുണനിലവാരം സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് 2005 ജനുവരിക്ക് മുമ്പുള്ള എം. എം. ചെറുപയർ സംബന്ധിച്ചുള്ള ടെണ്ടറിൽ ഉണ്ടായിരുന്നത് ; ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമായിരുന്നുവെന്നും ഇത് എന്തിനുവേണ്ടിയാണ് എന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഡിപ്പോകളിലും ഔട്ട്‌ലെറ്റുകളിലും വിതരണത്തിനായി സൂക്ഷിച്ചിരുന്ന ചെറുപയറിനെ സംബന്ധിച്ച് സിവിൽ സപ്ലൈസ് മന്ത്രിക്ക് എന്തെങ്കിലും പരാതി ലഭിച്ചിരുന്നുവോ; പരാതിയെ തുടർന്ന് സാമ്പിൾ പരിശോധനയ്ക്കായി ശേഖരിച്ചിരുന്നുവോ; ആരെല്ലാമാണ് പരാതികൾ സമർപ്പിച്ചത് എന്നും പരാതിയിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 47066 മെട്രിക് ടൺ.

(ബി) നിഷ്കർഷിച്ചിരുന്നു. 2005 ജനുവരിയിലെ ടെണ്ടർ മുതലാണ് ഈ നിബന്ധന ഒരു പഠനമെന്ന നിലയിൽ കൊണ്ടുവന്നത്.

(സി) ഇല്ല.

(ഡി, ഇ) വലിപ്പം എന്ന വിഷയം ചില ഉപഭോക്താക്കൾ സാധനം വാങ്ങുന്നതിന്റെ മാനദണ്ഡമായി നോക്കാറുള്ളതുകൊണ്ട് സപ്ലൈയർമാരുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയുന്നതിനുവേണ്ടിയാണ് വലിപ്പം എന്ന വിഷയം 2005 ജനുവരിയിലെ ടെണ്ടറിൽ ആദ്യമായി ഒരു പഠനമെന്ന നിലയിൽ കൊണ്ടുവന്നത്. 2004 ജൂലൈ മാസത്തിൽ ഭാരത സർക്കാർ പൾസസ് ഗ്രേഡിംഗ് ആന്റ് മാർക്കിംഗ് റൂൾസ് ജി. എസ്. ആർ. 129 നമ്പരിൽ പ്രസിദ്ധീകരിച്ചതനുസരിച്ചും കേരള ഹൈക്കോടതിയുടെ ഒ. പി. നമ്പർ 14879/2003 ഉത്തരവ് പ്രകാരവും ഒരു അഞ്ചംഗ ഗുണനിലവാര കമ്മിറ്റിയെ നിയോഗിക്കുകയും അവരുടെ നിർദ്ദേശാനുസരണം ഗുണനിലവാരത്തെ സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ചെറുപയറിന് ജനുവരി 2005-ലെ ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്നു.

2005

അന്യ ബാഹ്യ വസ്തുക്കൾ	–	1%
മറ്റു ഭക്ഷ്യ ധാന്യങ്ങൾ	–	3%
കേടുവന്നവ	–	2%
കീടബാധയേറ്റവ	–	2%
പാകമാകാത്തതും ചുരുങ്ങിയതും	–	3%
നിസാരമായി കേടുവന്നവ, നുറുങ്ങിയവ	–	4%
പരമാവധി കലർപ്പുകൾ	–	6%
പരമാവധി ഈർപ്പം	–	12-14%
നല്ല ധാന്യ മണികൾ ഏറ്റവും കുറഞ്ഞ %	–	87%

2005 ജനുവരിക്ക് മുൻപുണ്ടായിരുന്ന ടെണ്ടറുകളിൽ മേൽപ്പറഞ്ഞ ഹൈക്കോടതി ഉത്തരവനുസരിച്ചുള്ള 5 അംഗ കമ്മിറ്റിയുടെ പ്രത്യേക തീരുമാനങ്ങൾ ഇല്ലാതെ താഴെ പറയുന്ന ഗുണനിലവാര നിബന്ധനകൾ ആയിരുന്നു ചെറുപയറിന് നിഷ്കർഷിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1.	ബാഹ്യ പദാർത്ഥങ്ങൾ	-	1-2%
2.	കേടുവന്നത്/കീടബാധയേറ്റത്	-	1-2%
3.	മുപ്പെത്താത്തത്/ചുരുങ്ങിയത്	-	1-3%
4.	സാരമായി കേടുവന്നത്	-	2-3%
5.	കല്ലർപ്പുകൾ	-	10-15%
6.	ഈർപ്പം	-	11-12%

2005 ജനുവരിക്ക് മുൻപും അതിന് ശേഷവും ചെറുപയർ സംബന്ധിച്ച ടെണ്ടറിൽ ഉള്ള വ്യത്യാസം അവ്യക്തത മാറ്റി, കൃത്യതയും സ്പഷ്ടതയും വരുത്തി എന്നതാണ്.

(എഫ്) ലഭിച്ചിരുന്നു. ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം

50 [1947] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ ചുമതല ഏറ്റശേഷം ഒക്ടോബർ മുതലുള്ള അഞ്ച് മാസത്തെ പർസസ് ആൻഡ് സ്പൈസസിന്റെ മൊത്തം വിറ്റുവരവ് എത്ര;

(ബി) ഒക്ടോബറിനുമുൻപുള്ള അഞ്ചുമാസത്തെ പർസസ് ആൻഡ് സ്പൈസസിന്റെ മൊത്തം വിറ്റുവരവ് എത്ര ;

(സി) രണ്ട് ടേമുകളിലും വാങ്ങിയ പർസസ് ആൻഡ് സ്പൈസസിന്റെ മൊത്തം അളവിലെ വ്യത്യാസം എത്ര ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിളിക്കുന്ന ടെണ്ടറുകളിൽ സോൾവെൻസി സമർപ്പിച്ചിരിക്കണമെന്ന് നിബന്ധനയുണ്ടോ ; ഈ നിബന്ധന പർസസ് ആൻഡ് സ്പൈസസിന്റെ പർച്ചേസിലും നിഷ്കർഷിച്ചിട്ടുണ്ടോ ;

(ഇ) ഈ ടെണ്ടറുകളിൽ സോൾവെൻസി നിബന്ധന ഏത് മാസം മുതൽക്കാണ് നടപ്പിലാക്കിയത് ;

(എഫ്) സോൾവെൻസി സമർപ്പിക്കാത്തതിന്റെ പേരിൽ എത്രപേർക്ക് ടെണ്ടറിൽ പങ്കെടുക്കുവാനുള്ള അവസരം നിഷേധിക്കപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ജി) പ്രസ്തുത നിബന്ധന നിലനിൽക്കുമ്പോൾതന്നെ സോൾവെൻസി സമർപ്പിക്കാത്ത ആർക്കെങ്കിലും സപ്ലൈ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly